**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1349** | **27-07-2021 - ൽ മറുപടിയ്ക്ക്**

**പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്ലാസ്റ്റിക് നിരോധനം നിലവിലുള്ളതിനാൽ സംസ്ഥാനത്തെ പാൽ വിതരണം ഫോയിൽഡ് പേപ്പർ കവറുകളിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഫോയിൽഡ് പേപ്പർ കവറുകളിൽ വിതരണം നടത്തുന്നതിന് പ്രത്യേകം നിർദ്ദേശം നൽകേണ്ട സാഹചര്യം നിലവില്ല. വെർജിൻ ഗ്രാന്യൂൾ ഉപയോഗിച്ചുള്ള എൽ.ഡി.പി.ഇ. ഫിലിമിനോടൊപ്പം ടെട്രാപായ്ക്ക്, ഫ്ളെക്സി പായ്ക്ക് എന്നീ തരത്തിലുള്ള അലൂമിനിയം ഫോയിലുള്ള പേപ്പർ കവറുകളിലും മിൽമപാൽ പായ്ക്ക് ചെയ്തുവരുന്നുണ്ട്. |
| (ബി) | ഉപയോഗ ശേഷം പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിന് മിൽമ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്നറിയിക്കാമോ; | (ബി) | ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാരംഭനടപടിയെന്ന നിലയ്ക്ക് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്ലാസ്റ്റിക് പാക്കേജുകൾ പുനഃരുപയോഗാർത്ഥം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തുകയും കേരളത്തിലുടനീളമുള്ള മിൽമയുടെ ഡീലർ പോയിന്റുകളിലൂടെ ഉപയോഗിച്ച പാൽ കവറുകൾ ശേഖരിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഒരോ മാസവും തിരിച്ചെടുക്കുന്ന പ്ലാസ്റ്റിക്കിന് നിർമ്മാതാവിൽ നിന്നും കിലോഗ്രാമിന് ഒരു നിശ്ചിത തുക യൂസർ ഫീ കണക്കാക്കി പിരിക്കുവാനും, ഇങ്ങനെ ലഭിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വരൂപിക്കണമെന്നും ഈ തുക ഉപയോഗം കഴിഞ്ഞ് തിരിച്ചെടുക്കുന്ന പായ്ക്കറ്റുകളുടെ സംസ്കരണം, നീക്കം ചെയ്യൽ എന്നിവയ്ക്ക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിഗണനയിലാണ്. കോവിഡ് മഹാമാരിയും അനുബന്ധ ലോക്ഡൗണും കാരണം ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പൂർണമായും ഫലവത്തായിട്ടില്ല. താമസംവിന അത് പൂർണ ഫലപ്രാപ്തിയിലാ കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്ലാസ്റ്റിക് നിരോധനത്തിന് ശേഷവും സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾ പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. പാൽ കവറുകൾ നിരോധിത പ്ലാസ്റ്റിക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ നിലവിൽ സംസ്ഥാനത്ത് സ്വകാര്യ പാൽ കമ്പനികൾക്ക് പ്ലാസ്റ്റിക് കവറുകളിൽ പാലും പാലുത്പന്നങ്ങളും വിൽപ്പന നടത്താവുന്നതാണ്. Extended producer responsibility അനുസരിച്ച് നടപടികൾസ്വീകരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ